ശ്രീ. എ. എൽ. ജേക്കബ്: സ്പെഷ്യലാഫീസർ കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ചീഫ് മിനിസ്റ്റർ ഇതിനുവേണ്ടി റഷ്യയിലുള്ള ഒരു കമ്പനിയുമായി കോൺടാക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. നോ ഹൗ കിട്ടിക്കഴിഞ്ഞാൽ വേണ്ടതുചെയ്യാം.

ശ്രീ. പി. ജെ. ജോസഫ്: ഇൻഡ്യയിലെ രണ്ടു കമ്പനികളും മാത്രമാണ് മുഖ്യമായും ഇവ വാങ്ങിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് വൻതോതിൽ കൊക്കോ ഇറക്കുമതി ചെയ്യുന്നുണ്ട്. കുത്തകയുടെ അടിസ്ഥാനത്തിൽ മറ്റാരും വാങ്ങിക്കാൻ ഇല്ലാതെവരുന്ന അവസരത്തിൽ വില വളരെ കാര്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിലനിലവാരം ഒരു നിശ്ചിതതോതിൽ താഴാതിരിക്കാനും ഇറക്കുമതി നിയന്ത്രിക്കുന്നതിനും കേന്ദ്രത്തോടാവശ്യപ്പെടാനും വേണ്ടതു ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതെപ്പറ്റി ആലോചിക്കാം.

ലോകബാങ്കിന്റെ ഫണ്ടുപയോഗിച്ച് ആവിഷ്ക്കരിച്ച ടി. ആൻറ് വി. പദ്ധതി

*65 [74] ശ്രീ. സി. വാസുദേവമേനോൻ:

,, കെ. അനിരുദ്ധൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ:

,, ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാനങ്ങളിലെ ദരിദ്ര കൃഷിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ടി. ആൻറ് വി. പദ്ധതി ഈ സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാംതരത്തിലുള്ള പ്രയോജനമാണ് ഈ പദ്ധതിമൂലം കർഷകർക്കു ലഭിക്കുന്നത്;

(സി) ഈ പദ്ധതിക്ക് സംസ്ഥാനത്തിന് അനുവദിച്ചു കിട്ടുന്നതുക എത്ര?

കൃഷിവകുപ്പുമന്ത്രി ശ്രീ. എ. എൽ. ജേക്കബ്:

(എ) ടി. ആൻറ് വി. പദ്ധതിയുടെ കരട്രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ലോകബാങ്കിന്റെ അംഗീകാരം നേടുന്നതിനുവേണ്ടി അതു കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുത്തിരിക്കുകയാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഓരോ പ്രദേശത്തെയും സമഗ്രമായ കാർഷിക വികസനവും വിവിധങ്ങളായ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമതാവർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാർഷിക വികസന ഉപദേശ വിഭാഗം നിലവിൽവരും. ഇതിലേക്ക് നിയോഗിക്കപ്പെടുന്ന ഗ്രാമതലപ്രവർത്തകൻ പതിനഞ്ചു ദിവസത്തിലൊരിക്കൽ ഒരു നിശ്ചിത ദിവസം ഓരോ പ്രദേശവും സന്ദർശിച്ച് കർഷകർക്ക് വരുന്ന പതിനഞ്ചു ദിവസങ്ങൾക്കകം അനുഷ്ഠിക്കേണ്ട ശാസ്ത്രീയ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളെ സംബന്ധിച്ച ഉപദേശം നൽകുന്നതാണ്. അതനുസരിച്ച് കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ എന്നിവ കാലാകാലങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനവും ഈ പദ്ധതിയുടെ ഭാഗമായി വിഭാവനചെയ്തിട്ടുണ്ട്.

(സി) പദ്ധതിക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനു ശേഷമേ സംസ്ഥാനത്തിനു കിട്ടുന്ന ധനസഹായത്തെ സംബന്ധിച്ചുള്ള അന്തിമരൂപം വ്യക്തമാകുകയുള്ളു.

ശ്രീ. കെ. അനിരുദ്ധൻ: 200-ൽ ചിലപ്പോൾ തസ്തിക സൃഷ്ടിക്കാൻ പോകുന്നു എന്നു പറഞ്ഞു. അതുകൊണ്ടുമാത്രം ഗ്രാമത്തിലെ കൃഷിക്കാർക്ക് വേണ്ടത്ര പ്രയോജനം കിട്ടുമെന്നു പ്രതീക്ഷിക്കാൻ വയ്യ. വിത്ത്, വളം, കീടനാശിനി ഇവ എങ്ങിനെയാണ് വിതരണം ചെയ്യാൻപോകുന്നത്, എങ്ങനെയാണ് ഉപദേശം നൽകാൻപോകുന്നത് എന്നു പറയാമോ?

ശ്രീ. എ. എൽ. ജേക്കബ്: വിസിറ്റിംഗ് ആൻറ് ട്രെയിനിംഗ് പ്രോഗ്രാം അനുസരിച്ച് ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ അടുത്തു ചെല്ലും. എന്നിട്ട് ഗ്രൂപ്പ് ഗ്രൂപ്പായി ആളുകളെ വിളിച്ചുകൂട്ടി അവരുടെ ആവശ്യങ്ങളാരായും. അതനുസരിച്ച് വേണ്ടതു ചെയ്തുകൊടുക്കും.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: പതിനഞ്ചു ദിവസത്തിലൊരിക്കൽ ചെന്ന് ഉപദേശംനൽകുന്ന ഉദ്യോഗസ്ഥൻമാരെപ്പറ്റിയൊക്കെ കാര്യമായി പറഞ്ഞു. ഇപ്പോഴത്തന്നെ ചില ഉദ്യോഗസ്ഥൻമാരുണ്ടല്ലോ—ഗ്രാമസേവകൻമാർ. പതിനഞ്ചു ദിവസംപോകട്ടെ, കൊല്ലത്തിലൊരിക്കൽ, ഊണു കിട്ടുന്ന ഒരു വീട്ടിലല്ലാതെ അവർ വേറെങ്ങും പോകാറില്ലെന്നുള്ളതറിയാമോ? ഇങ്ങനെ തസ്തിക സൃഷ്ടിച്ചതുകൊണ്ടുമാത്രം പ്രയോജനം ലഭിക്കുമെന്നാണോ?

ശ്രീ. എ. എൽ. ജേക്കബ്: കൂടുതൽ വിപുലമായ രീതിയിൽ കൃഷി നടത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു പ്രോഗ്രാം നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എം. വി. മാണി: മുൻകേന്ദ്ര ആരോഗ്യമന്ത്രി നഗ്നപാദഡോക്ടർ എന്നൊരു പരിപാടി കൊണ്ടുവന്നിരുന്നു. അതുപോലെയാണോ ഇതും?

ശ്രീ. എ. എൽ. ജേക്കബ്: ഇത് കൃഷിയെക്കുറിച്ചുള്ള ചോദ്യമാണ്.

ശ്രീ. ടി. എം. ജേക്കബ്: കർഷകരുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഓരോ പ്രോഗ്രാം നിശ്ചയിക്കുന്നത്. ടി. ആൻറ് വി. പ്രോഗ്രാം പോലെതന്നെ ഐ. പി. ഡി. യൂണിറ്റുകളും ഇപ്പോഴും നിലവിലുണ്ട്. ആദ്യം അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയശേഷം പുതിയ പദ്ധതികളാരംഭിക്കുന്നതല്ലേ കൂടുതൽ അഭികാമ്യം?

ശ്രീ. എ. എൽ. ജേക്കബ്: അതോടുയോജിച്ചാണ് ഇതും നടത്താൻ പോകുന്നത്.

ശ്രീ. പി. ശങ്കർ: ഈ പദ്ധതിക്ക് സംസ്ഥാന ഗവൺമെൻറിനനുവദിച്ചു കിട്ടുന്ന തുകയുടെ അന്തിമരൂപം ഇപ്പോൾ പറയാൻ കഴിയില്ലെന്നു പറഞ്ഞു. സുമാർ എത്രകിട്ടുമെന്നു പറയാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ ജേക്കബ്: ടി. ആൻറ് വി. പദ്ധതിക്ക് ഉദ്ദേശിച്ചിട്ടുള്ള തുക 10.23 കോടി രൂപയാണ്,

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പദ്ധതി കേന്ദ്രഗവൺമെൻറ് എന്നാണാരംഭിച്ചത്? നമ്മുടെ എന്നു രൂപരേഖ അയച്ചു? എന്നു നടപ്പിലാക്കാനുള്ള ഉത്തരവു കിട്ടും?

ശ്രീ. എ. എൽ. ജേക്കബ്: രൂപരേഖ തയ്യാറാക്കി അയച്ചിട്ടേയുള്ളു. ഫൈനലായ വിവരമൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്രഗവൺമെൻറ് ഈ പദ്ധതി ആവിഷ്ക്കരിച്ചത് എന്നാണ്? ഇതു നടപ്പിലാക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത് എന്നാണ്? രൂപരേഖ തയ്യാറാക്കി അയച്ചിട്ടുണ്ടെങ്കിൽ അതെന്നാണ്?

ശ്രീ. എ. എൽ. ജേക്കബ്: രൂപരേഖ അയച്ചത് ആഗസ്റ്റ് ഒന്നാം തീയതിയാണ്. ലോകബാങ്കിൻെറ ഉദ്യോഗസ്ഥൻമാർ ഈ ആഗസ്റ്റ് 16-ാം തീയതി ഇവിടെവന്ന് സ്ഥലങ്ങൾ സന്ദർശിച്ച് ഇവിടെ നടപ്പിലാക്കാൻ പറ്റുമോ എന്ന് പരിശോധിച്ചിട്ട് അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണോ ലോകബാങ്കിൻെറ പഠനസംഘത്തിൻെറ നിഗമനം അതോ സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയിലോ ജില്ലയുടെ ഭാഗങ്ങളിലോ പൈലറ്റ് സ്കീമായി നടപ്പിലാക്കിയാൽ മതി എന്നാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: ലോകബാങ്കിൻെറ ഈ പദ്ധതി വരുന്നതിനു മുൻപുതന്നെ ഈ സംസ്ഥാനത്ത് ഇതേമാതിരിയുള്ള ടി. ആൻറ് വി. പ്രോഗ്രാം ഉണ്ട്. ആളുകളെ വിളിച്ചുകൂട്ടി സെമിനാറും മറ്റും ഒക്കെ നടത്തുന്നുണ്ട്. പിന്നെ എന്തിനാണ് ഇപ്പോൾ ഈ ടി. ആൻറ് വി. പ്രോഗ്രാം ?

ശ്രീ. എ. എൽ. ജേക്കബ്: കുറച്ചു വിപുലമായ തോതിൽ നടത്താൻ ഉദ്ദേശമുണ്ട്. അതിൻെറ ഉദ്ദേശം വളരെയധികം ഉദ്യോഗസ്ഥൻമാർ ഈ പദ്ധതിയിൽ ഉൾപ്പെടും. അവർ ഗ്രൂപ്പു ഗ്രൂപ്പായി വിളിച്ചുകൂട്ടി ഉപദേശങ്ങൾ കൊടുക്കും.

ശ്രീ. എം. വി. രാഘവൻ: ലോകബാങ്കിലെ ഉദ്യോഗസ്ഥൻമാർ ഇവിടെ വന്നു സന്ദർശിച്ചുപോയി എന്നു പറഞ്ഞു. ഇതു സെൻട്രൽ ഗവൺമെൻറിൻെറ ഫണ്ടുപയോഗിച്ചു നടത്തുന്ന സ്കീമാണോ അതോ ലോകബാങ്കിൻെറ ഫണ്ടുമാത്രം ഉപയോഗിച്ച് നടത്തുന്ന സ്കീമാണോ? ലോകബാങ്കിൻെറ ഫണ്ട് കാർഷികരംഗത്ത് ഉപയോഗിക്കുന്നതുകൊണ്ട് വലിയ വിപത്ത് ഉണ്ടെന്ന കാര്യമൊക്കെ പരിശോധിച്ചിട്ടുതന്നെയാണോ ഗവൺമെൻറ് ഇതിനു അനുമതി കൊടുത്തത്?

ശ്രീ. എ. എൽ. ജേക്കബ്: ഒരു വിപത്തും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ഏതിന്റെ ഫണ്ട് എന്നാണ് ചോദിച്ചത്. ലോകബാങ്കിന്റെ ഫണ്ടുമാത്രമാണോ? അതോ സെൻട്രൽ ഗവൺമെന്റിന്റെ ഫണ്ടുമാത്രമാണോ ഉപയോഗിക്കുന്നത്? ലോകബാങ്കിന്റെ ഫണ്ടുമാത്രമാണ് ഉപയോഗിക്കുന്നതെങ്കിൽ ചില വിപത്തുകൾ ഉണ്ട്. ചില പ്രത്യാഘാതങ്ങളുണ്ടാകും.

ശ്രീ. എ. എൽ. ജേക്കബ്: ഒരു പ്രത്യാഘാതവും ഉണ്ടാകുകയില്ല. ഇവിടെ നാടുനന്നാക്കി നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയാണ് ചെയ്യുന്നത്.

ശ്രീ. എം. വി. രാഘവൻ: ലോകബാങ്കിന്റെ പണം മാത്രമാണോ ഉപയോഗിക്കുന്നത് എന്ന ചോദ്യത്തിന് മറുപടി കിട്ടണം.

ശ്രീ. എ. എൽ. ജേക്കബ്: ലോകബാങ്കിന്റെ പണം.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 75.

കൂട്ടുകൃഷി ഫാമുകൾ

*66 [75] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ജി. പി. മംഗലത്തുമഠം:
,, തെന്നല ബാലകൃഷ്ണപിള്ള:
,, ടി. എച്ച്. മുസ്തഫ:
,, എം. വി. ഗംഗാധരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം ഏതുനിലയിൽ നടക്കുന്നു;

(ബി) കൂട്ടുകൃഷി ഫാമുകളിൽ എത്ര അന്തേവാസികളുണ്ട്;

(സി) അവരുടെ താമസസൗകര്യത്തിന് വീടുകൾ നിർമ്മിച്ചിട്ടുണ്ടോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് അവയുടെ പ്രവർത്തനം എങ്ങനെവേണമെന്ന് ഗവൺമെന്റ് പരിശോധിച്ചു വരികയായിരുന്നു. ഇല്ലിത്തോടു ഫാം അന്തേവാസികൾക്കായി വീതിച്ചുകൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവായിക്കഴിഞ്ഞിട്ടുണ്ട്. കൂത്താളി ഫാമിനെ സംബന്ധിച്ച് അപ്രകാരമൊരു തീരുമാനമെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇല്ലിത്തോടുഫാമിൽ 224-ും കൂത്താളിഫാമിൽ 200-ും കുടുംബങ്ങൾ വീതമുണ്ട്.

(സി) താൽക്കാലികമായി വീടുനിർമ്മിക്കുകയും വർഷംതോറും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly